വ്ളാദ് രാജകുമാരൻ തന്റെ നാട്ടിൽ ധാരാളമുണ്ടായിരുന്ന കൊള്ളക്കാരെ പൂർണമായും അമർച്ചചെയ്തു. അക്കാലത്ത് റുമാനിയയിൽ ഏതെങ്കിലും വഴിവക്കത്ത് ഒരു സ്വർണപ്പാത്രത്തിൽ വെള്ളം വെച്ചിരുന്നാൽ ആളുകൾ ആ വെള്ളം എടുത്തു കുടിക്കുകയും പാത്രം അതേ സ്ഥലത്ത് ഇരിക്കുകയും ചെയ്യുമായിരുന്നുവത്രെ. കൊള്ളക്കാർ ഇല്ലാതായപ്പോൾ കച്ചവടം നാട്ടിൽ വർദ്ധിച്ചു; വിദേശീയരായ വ്യാപാരികൾ റുമാനിയയിൽ വരാൻ തുടങ്ങി. സാമൂഹ്യപുരോഗതിയെ ത്വരിപ്പിക്കുന്നതിൽ വ്ളാദ് അങ്ങനെ വലിയ പങ്കുവഹിച്ചു. റുമാനിയയിൽ ഒരു പുതിയ കാലഘട്ടം അന്ന് ആരംഭിച്ചു. ഇതൊന്നും ബ്രാംസ്റ്റോക്കർ മനസ്സിലാക്കാത്തതിൽ കോർണേലിയുവിനു ഖേദമുണ്ട്.

പക്ഷേ, ഒരു കാര്യം: വ്ളാദിനെപ്പോലെയുള്ള എത്രയോ ഭരണാധികാരികൾ ഓരോ രാജ്യത്തിന്റെ ചരിത്രത്തിലുമില്ലേ? ഡ്രാക്കുളപ്രഭുവോ? ലോകചരിത്രത്തിൽ—ലോകഭാവനാചരിത്രത്തിലായാലും—ഡ്രാക്കുളപ്രഭു ഒന്നുമാത്രമല്ലേ ഉള്ളൂ? കൗമാരഭാവനകൾക്ക്—നിത്യകൗമാരം മനസ്സിൽ സൂക്ഷിക്കുന്ന മുതിർന്നവരുടെ ഭാവനകൾക്കും—ഭയതാരള്യത്തിൽനിന്ന് ഉളവാകുന്ന വിചിത്രമായ ആഹ്ലാദം അളവററു നൽകിക്കൊണ്ട് ഡ്രാക്കുളപ്രഭു പുസ്തകങ്ങളിലും ഫിലിമുകളിലും എന്നെന്നും ജീവിച്ചിരിക്കുക തന്നെചെയ്യും. ഇതിനു നാം ബ്രാംസ്റ്റോക്കറോടു കൃതജ്ഞരായിരിക്കേണ്ടേ?

(10 മെയ്, 1987)

# 67. ബംഗാളികളുടെ അയ്യപ്പൻ

കേരളത്തിൽ ഇപ്പോൾ ഏററവുമധികം ആരാധന നേടുന്ന ഹിന്ദുദൈവം അയ്യപ്പനാണെന്നു തോന്നുന്നു. ശബരിമലയിലേക്കുള്ള തീർത്ഥയാത്രക്കാരുടെ തിരക്ക് ആണ്ടോടാണ്ടു വർദ്ധിച്ചുവരികയാണ്. ഈ തീർത്ഥയാത്രക്കാരിൽ കേരളീയരോടൊപ്പംതന്നെ തമിഴ്നാട്ടുകാരെയും തെലുങ്കുനാട്ടുകാരെയും ധാരാളമായും, ഉത്തരേന്ത്യക്കാരെ വിരളമായും കാണാം. തീർത്ഥയാത്രക്കാർ വർദ്ധിക്കുന്ന തോതിന് ക്ഷേത്രത്തിലെ നടവരവിലും വർദ്ധനയുണ്ടാകുമല്ലോ. ശബരിമല ക്ഷേത്രത്തിൽ പെരുകിവരുന്ന നടവരവിൽ ഒരു ഭാഗം തീർത്ഥയാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ക്ഷേത്രം മോടിപിടിപ്പിക്കാനുമായി ചെലവഴിക്കപ്പെട്ടുവരികയാണ്. ശ്രീകോവിലിന്റെ മേല്പുരയാകെ സ്വർണം പൂശി. ശബരിമലക്ഷേത്രത്തെ വാച്യാർത്ഥത്തിൽത്തന്നെ 'പൊന്നമ്പലം' ആക്കുവാൻ അധികൃതർ തീരുമാനിച്ചിട്ടുണ്ടത്രേ.

അയ്യപ്പനെ 'ശാസ്താവ്' എന്നും വിളിക്കാറുണ്ട്. ധർമോപദേഷ്ടാവ് എന്ന് അർത്ഥമുള്ള ഈ പദം ബുദ്ധന്റെ പര്യായമായും ഉപയോഗത്തിലിരുന്നു. അതുകൊണ്ടാവണം, ശബരിമലയിലേക്കുള്ള തീർത്ഥാടനം ആദ്യകാലത്ത് ബുദ്ധാരാധനയുടെ ഒരു ഭാഗമായിരുന്നുവെന്നും, ബുദ്ധമതം കേരളത്തിൽ പ്രചാരലുപ്തമായപ്പോഴാണ് അയ്യപ്പൻ (ബുദ്ധൻ) ഹിന്ദുദൈവമായതെന്നും ഒരു വിശ്വാസം നിലവിലുണ്ട്. ബൗദ്ധർക്കിടയിൽ പ്രചാരമുള്ള 'ശരണംവിളി' അയ്യപ്പാരാധനയിലും കാണുന്നു എന്നതു്, അയ്യപ്പൻ മുമ്പ് ബുദ്ധനായിരുന്നു എന്നു വാദിക്കുന്നതിനു തെളിവായി എടുത്തുകാട്ടാറുമുണ്ട്.

തമിഴ്നാട്ടിലെ ഒരു ഗ്രാമദേവതയാണ് അയ്യൻ അല്ലെങ്കിൽ അയ്യനാർ. ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും പുറത്ത്, തുറന്ന വെളിമ്പറമ്പുകളാണ് അയ്യനെ ആരാധിക്കുന്നതിനു തിരഞ്ഞെടുക്കാറ്. അയ്യൻ ഹരിഹരപുത്രൻ (വിഷ്ണുവിൻെറയും ശിവൻെറയും മകൻ) ആണെന്ന് തമിഴർ കരുതുന്നു. അതായത്, തുടക്കത്തിൽ ഒരു ശുദ്ധ—അനാര്യ ദേവനായിരുന്നിരിക്കാമെങ്കിലും, വലിയതോതിൽ ആര്യവൽക്കരണം അയ്യനു് തമിഴ്സമൂഹത്തിൽ സംഭവിച്ചിരിക്കുന്നു. തമിഴ്നാട്ടിൽ അയ്യൻെറ വാഹനങ്ങൾ കുതിരയും ആനയുമാണ്. വളരെ വലിപ്പത്തിൽ മണ്ണുകൊണ്ടോ ഇഷ്ടികയും കുമ്മായവുംകൊണ്ടോ ഉണ്ടാക്കിയ കുതിരകളെയും ആനകളെയും തമിഴ്നാട്ടിലെ അയ്യനാരുടെ കോവിലുകളിൽ കാണാം.

'ആരൂഢഃപ്രൗഢവേഗ പ്രവിജിതപവനം
  തുംഗതുംഗം തുരംഗം
ചേലം നീലം വസാനഃ കരതലവിലസൽ—
  കാണ്ഡ കോദണ്ഡ ദണ്ഡഃ
രാഗദ്വേഷാദി നാനാവിധ മൃഗപടലീ—
  ഭീതികൃൽ ഭൂതഭർത്താ
കുർവന്നാഖേട ലീലാം പരിലസതു മനഃ—
  കാനനേ മാമകീനേ'

എന്ന, ശിവപാദാദി കേശാന്തസ്തോത്രത്തിലുള്ള, പദ്യത്തിൽ ശ്രീശങ്കരാചാര്യർ അയ്യപ്പൻെറ (ശിവപരിവാരങ്ങളിലൊരാളായ ഭൂതനാഥൻെറ) വാഹനം കുതിരയാണെന്നു പറയുന്നു.

എന്നാൽ, അയ്യപ്പൻെറ വാഹനം പുലിയാണെന്നത്രേ കേരളീയർ കരുതുന്നത്. കേരളീയരുടെ സങ്കല്പത്തിൽ അയ്യപ്പൻ ധരിക്കുന്നത് ശങ്കരാചാര്യർ പറയുന്ന നീലവസ്ത്രംതന്നെയാണ്. അയ്യപ്പൻ നായാട്ടുകാരനാണെന്ന കാര്യത്തിലും നാം ശങ്കരാചാര്യരോടു യോജിക്കുന്നു. പക്ഷേ, ശങ്കരാചാര്യർ പറയുന്ന അമ്പും വില്ലുമല്ല, ചുരികയാണ് ആയുധമായി അയ്യപ്പനു നാം നൽകിയിട്ടുള്ളത്. എങ്കിലും, അയ്യപ്പഭക്തന്മാർ കൈയിൽ ഒരു 'ശരം' കൊണ്ടുനടക്കുന്ന പതിവ് അടുത്തകാലംവരെ നിലവിലിരുന്നു.

കേരളത്തിൽ പ്രചാരത്തിലുള്ള അയ്യപ്പൻപാട്ടുകളിലെ കഥയ്ക്ക് മുഖ്യമായി രണ്ടു ഘട്ടങ്ങളുണ്ട്. മോഹിനീരൂപം ധരിച്ച വിഷ്ണുവിൻെറയും ശിവൻെറയും പുത്രനായി അയ്യപ്പൻ അവതരിക്കുന്ന കഥയാണ് ആദ്യഘട്ടം. തമിഴ്നാട്ടുകാർക്കും ഇതു സമ്മതംതന്നെ. അയ്യപ്പനും പന്തളരാജാവും തമ്മിലുള്ള ബന്ധം, അയ്യപ്പൻ പുലിപ്പാൽ കൊണ്ടുവരുന്നത്, അയ്യപ്പനും ഒരു മുസ്ലീം മതപണ്ഡിതനായ വാവരും തമ്മിലുള്ള യുദ്ധവും അവർ തമ്മിൽ പിന്നീടുണ്ടായ സന്ധിയും, അയ്യപ്പനും മാളികപ്പുറത്തമ്മയും തമ്മിലുള്ള പ്രേമം—ഇതെല്ലാം അടങ്ങുന്ന അയ്യപ്പചരിതത്തിലെ രണ്ടാം ഘട്ടം തനി കേരളീയമാണെന്നു കരുതപ്പെടുന്നു. ഏതായാലും, തമിഴരുടെ പുരാണങ്ങളിലോ ജനഗാനങ്ങളിലോ ഈ കഥകൾ പരാമർശിക്കപ്പെടുന്നതായി അറിവായിട്ടില്ല.

തെക്കേ ഇന്ത്യയ്ക്കു പുറത്ത് അയ്യപ്പാരാധന ഉണ്ടോ? അടുത്തകാലത്ത് ഇന്ത്യയുടെ പല ഭാഗങ്ങളിൽ കേരളീയർ സ്ഥാപിച്ച അയ്യപ്പക്ഷേത്രങ്ങളെ കണക്കിലെടുക്കാതെയാണ് ഈ ചോദ്യം.

അയ്യപ്പൻ എന്ന പേരിലല്ലെങ്കിലും, ഈ ദൈവം ബംഗാളിൽ പരക്കെ ആരാധിക്കപ്പെടുന്നുണ്ടെന്നത് നമ്മെ സംബന്ധിച്ചിടത്തോളം, ഒരു പുതിയ അറിവായിരിക്കും.

ബംഗാളിൻെറ തെക്കേ അററമായ 'ഇരുപത്തിനാലു 'പർഗാനകരം' എന്ന ജില്ലയിലെ (ഈ ജില്ലയിലാണ് കൽക്കത്ത) മുഖ്യ ഗ്രാമദേവത യുടെ പേരു് 'ദക്ഷിണറായ്'' എന്നാകുന്നു. 'തെക്കൻ രാജാവു്'' എന്ന അത്ഥമുള്ള ഈ പദംകൊണ്ടു് ബംഗാളികരം കുറിക്കുന്നതു് അയ്യപ്പനെയാ ണെന്നു തോന്നുന്നു. കൽക്കത്തയ്ക്കു വടക്കുള്ള ഹൂഗ്ളി, ബംഗ്ലാദേശിലെ ഖുൽന, ജെസ്സോർ, നോവാഖാലി എന്നീ പ്രദേശങ്ങളിലും 'ദക്ഷിണറായ്'' ആരാധിക്കപ്പെടുന്നുണ്ടു്.

തോക്കും വാളും അമ്പും വില്ലും ധരിച്ച പുലിപ്പുറത്തു സവാരിചെയ്യു ന്ന ഒരു യോദ്ധാവായാണു് ദക്ഷിണറായിയെ ബംഗാളികരം സങ്കല്പി ക്കുന്നതു്. ദക്ഷിണറായിയുടെ വ്യാഘ്രവാഹനസങ്കല്പം അയ്യപ്പൻെറ പുലി വാഹനസങ്കല്പവുമായി ഒത്തുപോകുന്നു. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച ഒരു തക്കത്തിൽ ഒരു മുസ്ലീം പുരോഹിതനുമായി ദക്ഷിണറായി നടത്തിയ യുദ്ധത്തെപ്പററിയുള്ള കഥ ബംഗാളികരംക്കിടയിൽ പ്രചരിക്കുന്നു ണ്ടു്. അയ്യപ്പനും വാവരും തമ്മിൽ നടത്തിയ യുദ്ധം സംബന്ധിച്ച കേരളീയ വിശ്വാസവുമായി ഇതിനു സാജാത്യം കാണുന്നു. എന്നാൽ, കേരളത്തിൽ ഹിന്ദുദൈവവും മുസ്ലീം പുരോഹിതനും തമ്മിൽ സഖ്യം ചെയ്തു് യുദ്ധം അവസാനിപ്പിച്ചപ്പോരം, ബംഗാളിൽ മുസ്ലീംപുരോഹിത ൻെറ വെട്ടേററു് ഹിന്ദുദൈവത്തിൻെറ (ദക്ഷിണറായിയുടെ) തല മുറിഞ്ഞു പോവുകയാണുചെയ്തതു്. കേരളത്തിൽ ഹിന്ദു—ഇസ്ലാം മതങ്ങരംക്കിട യിലുണ്ടായിരുന്ന സമാധാനപരമായ സഹവർത്തിത്വവും, ബംഗാളിൽ ഈ മതങ്ങരം തമ്മിൽ നടന്ന സംഘട്ടനവും ആയിരിക്കാം കഥകളിൽ കാണുന്ന ഈ വ്യത്യാസത്തിനു കാരണം. ഏതായാലും, ബംഗാളിലെ ചില ഗ്രാമപ്രദേശങ്ങളിൽ, ഇലകരംകൊണ്ടു് നിർമിച്ച ഒരു അലങ്കാര ത്തൊപ്പി അണിഞ്ഞതും ഉടലിൽനിന്നു മുറിച്ചു മാററപ്പെട്ടതുമായ ദക്ഷിണ റായിയുടെ തലയാണു് പൂജിക്കപ്പെടുന്നതു്. മററു പ്രദേശങ്ങളിൽ പ്രത്യേ കിച്ചും നഗരങ്ങളിൽ, പുലിവാഹനത്തിൽ തോക്കും വാളും അമ്പും വില്ലു മേന്തി ഇരിക്കുന്ന ദക്ഷിണറായിയുടെ പൂർണവിഗ്രഹം ആരാധിക്കപ്പെ ടുന്നു.

ശബരിമലയിൽ ഏററവും പ്രധാനപ്പെട്ട ഉത്സവം മകര സംക്രാന്തി ദിവസമാണല്ലോ. ബംഗാളികരം ദക്ഷിണറായിയെ ആരാധിക്കുന്നതും മകരസംക്രാന്തി (പൗഷ സംക്രാന്തി) ദിവസമാണു്. കൊയ്ത്തു കഴിഞ്ഞ ശേഷമാണു് ഈ ആരാധന നടക്കുന്നതെന്നതിനാലും മററും, അതിപ്രാചീ നമായ ഒരു ഉർവരതാ—ആരാധന(ഫെർട്ടിലിററികരംട്ടു്)യുടെ അവശിഷ്ട മാകാം ദക്ഷിണറായിയുടെ പൂജയെന്നു് ബംഗാളിലെ ഫോക്കു്ലോർ (ലോകയാന) പണ്ഡിതന്മാർ കരുതുന്നു.

ഡിസംബർ 12—ാം തീയതി 'സ്റ്റേററ്സ്മാൻ' പത്രത്തിൽ പ്രസി ദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിലെ ചില വിവരങ്ങളാണു് ഈ കുറി പ്പിനു് ആധാരം. ബംഗാളിലെ ദക്ഷിണറായി പൂജയെപ്പററി ആഴത്തിൽ പഠനം നടത്തുവാൻ ഏതെങ്കിലും കേരളീയൻ ശ്രമിക്കുന്നതുകൊള്ളാം. തനി ദ്രാവിഡമെന്നു കരുതപ്പെട്ടിരുന്ന അയ്യപ്പ—ആരാധനയുടെ ഒരു പ്രാദേശികരൂപം ഗ്രാമീണബംഗാളിൽ പണ്ടുമുതല്ക്കേ നിലവിലിരുന്നു എന്നു തെളിഞ്ഞാൽ, ഉത്തര—ദക്ഷിണ ബന്ധങ്ങരം സംബന്ധിച്ചു് ഇന്ത്യ യിൽ ഇന്നു നിലവിലുള്ള ധാരണകളിൽ ഒരു പൊളിച്ചെഴുത്തുതന്നെ നട ത്തേണ്ടതായിവരും. അതു് ആശാസ്യമാണുതാനും.

(16 ഫെബ്രുവരി, 1986)